ശ്രീ. എ ജെ. ജോൺ : ബോർഡിന്റെ റക്കമെന്റേഷൻ സാംഗ്ഷൻ ചെയ്തത് ഡ്ര — ഫ് — ഫൻ ർസ്-ൽ ആണ്. അതിനുശേഷം ഉള്ള ചിലവിലേക്കാണ് ഇതു ആവശ്യപ്പെട്ടിരിക്കുന്നത്.

Sri. K. Sivarama Pillai : It is stated in the Budget that the revised estimate under Land Revenue-Direction, for 1949—50 is Rs. 1,58,600. Now you ask for Rs. 33,953 only. Is there any explanation for this? The original grant and the supplementary grant come to 67 thousand and odd rupees. Yet the proposed expenditure is about one lakh and 50 thousand rupees.

Sri. A. J. John : It is for the Board of Revenue alone that the sum of Rs. 33,953 is provided.

Mr. Speaker : The question is that a sum of Rs. 33,953 be granted under I—Land Revenue (a) Direction, to defray the expenses for additional staff for the Board of Revenue.

The demand was passed and the grant was made

6—Income Tax (d) Salaries

Sri. A. J. John: I move for a supplementary grant of Rs, 5,200 under Demand 6-Income Tax (d) Salaries.

ഫ്ര ഫ ൽ.ലെ ബഡ്ജ്റ തയ്യാറാക്കിയപ്പോൾ എറണാകുളത്തു ഉണ്ടായിരുന്നതായ ഒരു ടെമ്പററി ഡെപ്യൂട്ടികമ്മീഷണരുടെ ആഫീസിനു ആവശ്യമായ തുക ചേർത്തിരുന്നില്ല. എന്നാൽ അതിനുശേഷം എറണാകുളത്തെ ടെമ്പററി ഡെപ്യൂട്ടി കമ്മീഷണരുടെ ആഫീസ് അവിടെ തുടരണ്ടതു് ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടു. കാരണം എറണാകുളത്തുള്ള കക്ഷികളുടെ അനേകം കേസ്സുകൾ ഡെപ്യൂട്ടികമ്മീഷണരുടെ ആപ്പീസ്സിൽ അന്നു നിലവിൽ ഉണ്ടായിരുന്നു. ആ കേസ്സുകൾ തീർക്കുന്നതിനു് അദ്ദേഹത്തിന്റെ ഉദ്യോഗം തുടരേണ്ടതു് ആവശ്യമാണെന്നു കരുതുകയും അതു് ഗവൺമെണ്ടിൽനിന്നു അനുവദിക്കുകയും ചെയ്തു. അതിലേക്കു് വേണ്ടിയാണു് ഈ അയ്യായിരത്തി ഇരുന്നൂറു രൂപ്പിക ആവശ്യപ്പെട്ടിരുന്നതു്.

ശ്രീ. എൻ. കുഞ്ഞുരാമൻ : ഞാൻ അതിനെ പിൻതാങ്ങുന്നു.

Mr. Speaker : The question is that a sum of Rs. 5,200 be granted under 6—Income Tax (d) Salaries, to defray the expenses in recspect of Deputy Commissioners Office Ernakulam,"

The demand was passed and the grant was made

6—Income Tax (d) Salary

Sri. A. J. John : Sir, I move for a supplementary grant of Rs. 400—under 6—Income Tax (d)—salary (Dearness allowance).

Minister for Industries, Excise and Local Self Government **(Sri. N. Kunjuraman):** I second it.

Mr. Speaker : The question is :—

"That a sum of Rs. 400 be granted under 6 (d) Salary—Income Tax — (Dearness allowance)".

The demand was passed and the grant was made

14—Administration of Justice

Sri. A. J. John: Sir, I move for a supplementary grant of Rs. 1,62,000 under Demand 14—Administration of Justice 'C' Criminal Courts, Batta to Prisoners (Part I Travancore).

സർ, ബഡ്ജററ് തയ്യാറാക്കിയ അവസരത്തിൽ ഫ,ന. ൦,൦൦൦ രൂപ തടവുകാരുടെ ബാറ്റ ഇനത്തിൽ ചേർത്തിരുന്നു. അതിനുശേഷം ഈ തുകകൊണ്ടു് മതിയാകാതെ വന്നു എന്നും അതുകൊണ്ടു് ന൦൦൦ രൂപ കൂടി അനുവദിക്കണമെന്നു് കാണിച്ചു് ഹൈക്കോടതിയിൽ നിന്നും ശുപാർശ ചെയ്തതിൻപ്രകാരം ഒരു സപ്ളിമെൻററി ഗ്രാൻറ് അനുവദിക്കയും ചെയ്തു. അതിനുശേഷം ഫ ൦— ഫ— ഫൻ @ ൦-ൽ ന൦,൦൦൦ രൂപ കൂടി കൂടുതലായിട്ടു് ആവശ്യമുണ്ടെന്നു് കാണിച്ചു് ശുപാർശ ചെയ്കയും അതും അനുവദിക്കയും ചെയ്തു. എന്നാൽ ആ തുകയും പോരാതെ വന്നിരിക്കുകയാണു്. അതുകൊണ്ടു് ന. ൦,൦൦൦ രൂപകൂടി അനുവദിക്കണമെന്നു കാണിച്ചു് പിന്നേയും ഹൈക്കോടതി

LIBRARY ARCHIVES Kerala Legislative Assembly

[Sri A. J. John]

യിൽനിന്നും സ്റ്റേപാർശ ചെയ്യ. അങ്ങനെ എല്ലാം തുകയുംകൂടി ഉൾപ്പടെയാണ ൧,൩൫,൦൦൦ രൂപ. അതുകൊണ്ട് ഈ തുക അനുവദിക്കണമെന്ന ഞാൻ അഭ്യർത്ഥിക്കുന്നു.

Sri. N. Kunjuraman : I second it.

ശ്രീ. എ. താണുപിള്ള : സാധാരണയായിട്ട് ഒരാണ്ടിൽ ശരാശരി എത്ര തടവുകാർ ഉണ്ടായിരിക്കും? ഈയാണ്ടിൽ എത്രയായിട്ട വർദ്ധിച്ചിട്ടുണ്ട്?

ശ്രീ. എ. ജെ. ജോൺ: എത്ര തടവുകാർ ഉണ്ടെന്ന് പറഞ്ഞിട്ടില്ല. അവരുടെ ചില വിലേക്ക് വേണ്ടിവരുന്ന രൂപമാത്രമേ പറഞ്ഞിട്ടുള്ള.

ശ്രീ. എ. താണുപിള്ള : അവരുടെ ബാറ്റ വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ ജോൺ : ഈ കൊല്ലം വർദ്ധിപ്പിച്ചിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: സർ, ക്രിമനൽ കോടതികളിലെ തടവുകാർക്കുവേണ്ടി അനുവദിക്കണമെന്ന കാണിച്ച് ഇവിടെ കൊണ്ടുവന്നിട്ടുള്ള ൧,൩൫,൦൦൦ രൂപയുടെ supplementary grant അനുവദിക്കുന്ന കാര്യത്തിൽ എനിക്ക് എതിരുപ്പാണുള്ളത്. തിരുവിതാംകൂറിൽ രാഷ്ട്രീയമായാലും കൊള്ളാം മറ്റെന്തുകാരണങ്ങളാൽ ആയാലും കൊള്ളാം എന്തൊ വലിയ കുഴപ്പങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നുവെന്ന ഊഹിക്കാൻ പല ന്യായങ്ങളും ഈ സപ്ലിമെൻററി ഗ്രാൻറിൻെറ അഭ്യർത്ഥനമൂലം തോന്നുന്നുണ്ട്. തടവുകാർ ദൈനംദിനം വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. സർ, ൧൯൫൦–ൽ തടവുകാരുടെ ബാറ്റാ ഇനത്തിൽ ൭,൩൫,൪ രൂപ ചിലവായിരിക്കുന്നു. ൧൯൫൧–ൽ ൭,൪൫,൦൦൦ രൂപ ചിലവായിരിക്കുന്നു. അതുപോലെ ൧൯൫൨–ൽ ൮,൦൦൦ രൂപ ചിലവുചെയ്യിട്ടുണ്ട്. എന്നാൽ ൧൯൫൪–ൽ ൧,൫ ൦,൦൦൦ രൂപായാണ് ചിലവുണ്ടാകുന്നതു്. ഈ ഏഴര മാസത്തിനുള്ളിൽ ഇത്രത്തോളം വ്യത്യാസം ഉണ്ടായതു് എന്തുകൊണ്ടാണെന്ന ശ്രദ്ധിക്കേണ്ടതുണ്ട്. ചിന്തിക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ മുൻപിലത്തേക്കാൾ കൂടുതൽ തടവുകാർ ഉണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണ്. എന്തുകൊണ്ടാണ് തടവുകാർ കൂടുതലായി വർദ്ധിച്ചുവരുന്നതെന്ന നോക്കുകയാണെങ്കിൽ അതു് മറ്റൊന്നുകൊണ്ടുമല്ല, ക്രിമിനൽ കോടതികളുടെ ഭരണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അശ്രദ്ധയും അലസതയും മൂലമാണെന്ന കാണാം. സർ, ക്രിമിനൽ കേസുകൾ മൂന്നും നാലും വർഷം യാതൊരു തീരുമാനം ഉണ്ടാകാതെ കോടതിയിൽ ഇടുകയാണ് ചെയ്യുന്നതു്. കേസുകൾ കോടതികളിൽ കൊടിശ്ശിഖവരുന്നോറും ജയിലിൽ ബാറ്റാ വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും. ഉദാഹരണമായി ഞാൻ ഒരു കാര്യം പറയാമെന്ന വിചാരിക്കുന്നു. ഈയിടെ ചവറയിൽ ഉണ്ടായ മതലാളിതൊഴിലാളി സംഘട്ടനത്തിൽ പോലീസുകാർ ഏകദേശം പത്തൻപതുപേരെ അറസ്റ്റ് ചെയ്യുകയും അതനുസരിച്ച് ചാർജ്ജ് ചെയ്ത് കേസാക്കുകയും ചെയ്തു. കേസ് ഇപ്പോഴും വിചാരണയിൽതന്നെയിരിക്കുന്നു. അവരുടെ പേരിലുള്ള കുറ്റമെന്താണെന്നുള്ളതു് ഇതുവരെയായിട്ടും പറയുന്നുമില്ല. അവരെ ഇപ്പോഴും കസ്റ്റടിയിൽതന്നെ വച്ചുകൊണ്ടാണിരിക്കുന്നതു്. എന്നാൽ ഈ വിധത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട ആളുകളുടെ കേസുകൾ കഴിയുന്നതും വേഗം തീരുമാനിക്കുന്നതായിരുന്നാൽ അവർക്ക് വെളിയിൽ ഇറങ്ങി വേലചെയ്യെങ്കിലും ജീവിക്കാമായിരുന്നു. മൂന്നും നാലും വർഷം കഴിഞ്ഞു് ഇവരെ വെളിയിൽ വിട്ടയക്കുകയാണെങ്കിൽതന്നെ ജോലി കിട്ടുന്ന കാര്യം കുറെനാളത്തേക്ക് സാദ്ധ്യമല്ലാതായിതീരുന്നു. മാത്രവുമല്ല ഇതുമാതിരിയുള്ള സംഘട്ടനകളിൽ നിമിത്തം അറസ്റ്റ് ചെയ്യുകയും ഫാക്ടറികൾ അടച്ചിടുകയും മറ്റും ചെയ്യുന്നു. എന്നാൽ അധികനാൾ ഫാക്ടറി അടച്ചിടാൻ അനുവദിക്കാതെ തുറന്നിരുന്നുവെങ്കിൽ കസ്റ്റടിയിൽ കിടക്കുന്ന പുള്ളികൾ വല്ല ജാമ്യമോ മറ്റോ കൊടുത്തെങ്കിലും വെളിയിലിറങ്ങി ജോലിയിൽ പ്രവേശിക്കുമായിരുന്നു. എന്നാൽ ഫാക്ടറി പൂട്ടിയിട്ടിരിക്കുന്നുവെന്നുള്ള കാരണത്താൽ ജോലി കിട്ടാനുള്ള വിഷമത ഓർത്തു് ഇവർ ജാമ്യത്തിനു് അപേക്ഷിക്കാതെതന്നെ കസ്റ്റടിയിൽ കിടക്കുന്നു. അവർക്ക് ആഹാരം കിട്ടുമല്ലോ എന്നുള്ള ഉദ്ദേശംകൊണ്ടാണ് ഇങ്ങനെ പ്രവർത്തിക്കുന്നതു്. ഈ കാര്യവും ബാറ്റാ വർദ്ധിക്കുന്നതിനുള്ള ഒരുപാധിയാണ്. അതുകൊണ്ടു് എനിക്ക് പറയാനുള്ളതു് യാതൊരു കാരണവുമില്ലാതെ കേസിനെ ക്രിമിനൽ കോടതികളിൽ ഇട്ടുനീട്ടുന്ന മജിസ്ട്രേട്ടന്മാരുടെ പേരിൽ കർശനമായ നടപടിയെടുക്കണമെന്നാണ്, മാത്രവുമല്ല കൂടക്കൂടെ മജിസ്ട്രേട്ടന്മാ

LIBRARY ARCHIVES Kerala Legislative Assembly

ര സ്ഥലംമാറ്റണ്ട പദവിയും നിഷേധിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഇങ്ങനെയായാൽ ഈ ബാറ്റയെ സംബന്ധിച്ചിടത്തോളം കുറെ ആശ്വാസം കിട്ടുമെന്നുള്ളതു് തീർച്ചയാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: തടവുകാരുടെ ബാറ്റ ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൧൦,൦൦൦ രൂപയിൽനിന്നു ഒരു രൂപ കുറച്ചു് അനുവദിക്കണമെന്നുള്ള ഉപക്ഷേപത്തോടുകൂടി ഞാൻ അതിനെ അനുകൂലിക്കുന്നു. കാരണം കഴിഞ്ഞ അനേകം മാസങ്ങളായി തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും സ്ഥിതിചെയ്യുന്ന ലാക്കപ്പുകളിൽ കിടക്കുന്ന തടവുകാർക്കു് ശരിയായ രീതിയിലുള്ള ആഹാരവും വസ്ത്രവും മറ്റും കൊടുക്കുന്നില്ലായെന്നു കാണിക്കാൻവേണ്ടിയാണു് ഒരു രൂപ കുറയ്ക്കണമെന്നു ആവശ്യപ്പെട്ടതു്. സർ, എനിക്കു് നേരിട്ടു് പരിചയവും അറിവുമുള്ള പാമ്പാടി, പൊൻകുന്നം, പിറമേടു് ഈ സ്ഥലങ്ങളിൽ ഉള്ള ലാക്കപ്പുകളിലെ തടവുകാർക്കു് ആഹാരം അനുവദിക്കാത്തതുനിമിത്തം തുടർച്ചയായി കുറെ ദിവസം അവർ പച്ചവെള്ളം മാത്രം കുടിച്ചു് ജീവിക്കേണ്ടിവന്നു. ഇവരുടെ ആഹാരകാര്യങ്ങൾക്കായി തക്കസമയത്തു് പണം അനുവദിക്കാതെ ഇരിക്കുക, അനുവദിച്ചാൽതന്നെ അതിനുവേണ്ടിയുള്ള കൺട്രാക്ടറന്മാർക്കും ലഭിക്കാതെ ഇരിക്കുക മുതലായ പല കാരണങ്ങളും കൊണ്ടും വിചാരണയിലിരിക്കുന്ന രാഷ്ട്രീയതടവുകാരും മറ്റും ആഹാരകാര്യങ്ങളിൽ വളരെ കഷ്ടതകളും അനുഭവിച്ചുവരുന്നു. സർ, എന്റെ സ്വദേശമായ പൊൻകുന്നത്തുള്ള പോലീസ്സ്റ്റേഷനിൽ അടയ്ക്കപ്പെട്ട തടവുകാർ ആഹാരമില്ലാതെ കുറെ ദിവസം പട്ടിണികിടക്കുന്നതു് കണ്ടു് ആ സ്ഥലത്തുള്ള ഉദാരമതികളായ ജനങ്ങളും കച്ചവടക്കാരും ചേർന്നു കുറെ പണം പിരിച്ചെടുത്തു് അവർക്കു് ദിവസവും രണ്ടുനേരം വീതം ആഹാരം കൊടുത്തു. ഒരുദിവസം ഒരാളിനു് എട്ടണ വീതം ആണു് ചിലവു് വന്നിട്ടുള്ളതു്. പിറമേട്ടിലാണെങ്കിൽ അവിടേയും ആഹാരരഹിതരായി പുള്ളികളും ലാക്കപ്പുകളിൽ എത്രയും ദിവസങ്ങൾ കഴിച്ചുകൂട്ടേണ്ടിവന്നു. അവിടെ ഇവർക്കു് കുറെ കപ്പ പുഴുങ്ങി കൊടുത്തു. പച്ചവെള്ളവും കൊടുത്തു. ലാക്കപ്പിൽ കിടക്കുന്ന തടവുകാരുടെ കേസുകളും വിചാരണയിൽ നീട്ടികൊണ്ടുപോകുന്നതല്ലാതെ പെട്ടെന്നു അവസാനിപ്പിക്കുന്നില്ല. എന്റെ സ്നേഹിതൻ ഇവിടെ പറഞ്ഞതുപോലെ മജിസ്ട്രേട്ടന്മാരെ കൂടക്കൂടെ സ്ഥലംമാറ്റുന്നതുനിമിത്തം കേസുകളുടെ തീരുമാനത്തിനു് കാലതാമസം നേരിടുന്നു. മറ്റൊരു കാരണം കേസിന്റെ തെളിവിലേക്കായി സാക്ഷികളെ കൊണ്ടുവരുന്നതിനു് പോലീസുകാർ ആത്മാർത്ഥമായും പ്രവർത്തിക്കുന്നില്ലായെന്നുള്ളതാണു്. സാക്ഷികൾക്കുവേണ്ടി പോലീസ് ഡിപ്പാർട്ടുമെന്റിൽനിന്നോ അല്ലെങ്കിൽ അവർ വിളിച്ചാൽ വരുന്നവരോ ആയ ആളുകളെ കോടതിയിൽ കൊണ്ടുപോയി മൊഴി കൊടുപ്പിക്കുകയാണെങ്കിൽ ഈ കാലതാമസം നീട്ടിക്കൊണ്ടുപോകാൻ അത്ര എളുപ്പമല്ല. യാതൊരു കാരണവും കൂടാതെ വളരെനാൾ ലാക്കപ്പുകളിൽ അടച്ചിടുന്ന തടവുകാരെ അവർക്കു് ആഹാരവും വസ്ത്രവും സമയാസമയത്തു് കൊടുക്കാതെ കഷ്ടപ്പെടുത്തുന്ന പതിവു് നിറുത്തണമെന്ന ഒന്നുകൂടി ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. ആയതിലേക്കു് സമയാസമയത്തു് റേഷൻ അനുവദിച്ചുകൊടുക്കുകയും കൺട്രാക്ടന്മാരെക്കൊണ്ടു് ആഹാരം കൊടുക്കുന്നതിനു് വേണ്ട ഏർപ്പാടുകളും ചെയ്യുകയും മാത്രമല്ല കേസുകളെ പെട്ടെന്നു തീരുമാനിക്കുന്നതിലുള്ള കർശനമായ നിർദ്ദേശം കൊടുക്കുകയും ചെയ്യുന്നതായാൽ ബാറ്റ ഒഴുതോവും വർദ്ധിക്കുകയുമില്ല, തടവുകാർക്കു് ആഹാരം കിട്ടാതെ ജയിലുകളിൽ പട്ടിണികിടക്കാൻ ഇടവരുകയുമില്ല. ഈ കാര്യം ഗവൺമെണ്ടിന്റെ സത്വരശ്രദ്ധയിൽ പതിയണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ടു് ഡിമാൻറിനെ അനുകൂലിക്കുന്നു.

ஸ்ரீ. ஸ்ரீ. வி. தாஸ்: ஸர், இந்த Supplementary Demand ஐ நான் எதிர்க்கிறேன். இந்த batta இனத்தில் வருஷாவருஷம் ஏராளம் பணம் பட்ஜெட்டில் ஒதுக்கப்படுகிறது. இத்துகை போதாமல் வருகிறது; கூடுதல் வேண்டுமென்று சொல்வது தடவுகார்கள் கூடிக்கொண்டே வருகிறார்கள் என்பது அர்த்தம். ஏன் இவர்களின் எண்ணிக்கை கூடுகிறது? ஸர், இந்த நாட்டில் அனுசியமான சட்டங்கள் ஏற்படுத்தியதிலிருந்து தடவுகார்கள் கூடியும் அவர்களுக்கு batta கொடுப்பதற்கும் உணவு கொடுப்பதற்கும் பணம் அதிகம் வேண்டியிருக்கிறது. ஸர், இந்தத் துகை மன்னென்ன முறையில் செலவாக்கப்படுகிறது. தடவுகார்களுக்கு சரியான்படி உணவு அளிக்கப்படுகிறதா என்பதைப் பற்றி நான் சந்தேகப்படுகிறேன். இதுபோய் சேரவேண்டிய இடத்தில் போய் சேருவது இல்லை என்பதற்கு ஒரு உதாரணம் சொல்லிக்கொள்

LIBRARY ARCHIVES Kerala Legislative Assembly

[Sri. Srw V. Das]

ள்கிறேன். ஸர், இரண்டு வருஷங்களாக இலங்கோ என்ற ஒருவர் தடவுகாரராய் இருக்கிறார்.

Mr. Speaker: Not only questions of policy but grievances also cannot be ventilated in discussing supplementary grants.

ஸ்ரீ. ஸ்ரீ. வி. தாஸ்: ஸர், இந்த batta சம்பந்தித்ததுதான். அவருடைய மனைவியாருக்கு இரண்டு வருஷமாக பணம் கிடைத்ததில்லை. இந்தப் பணம் எப்படி செலவு செய்யப்படுகிறது என்பதை சொல்ல உரிமையில்லையா?

Mr. Speaker: The member is again referring to matters relating to certain grievances which cannot be ventilated while speaking on supplementary grants.

ஸ்ரீ. ஸ்ரீ. வி. தாஸ்: ஸர், இந்த batta அன்னுருக்கு அனுமதிக்கப்படவில்லை. ஆகையால் இந்த தடவுகாரர்களுக்கு அனுமதிக்கப்பட்டிருக்கும் தொகை நியாயமாகச் செலவு செய்யவேண்டுமென்று கேட்டுக்கொள்கிறேன்.

ஸ்ரீ. ஆர். கெ. ராம்: ஸர், நான் இதை எதிர்க்கிறேன். இந்த தடவுகாரர்களின் எண்ணிக்கை என் கூடிக்கொண்டு வருகிறது. அதைக் குறைக்க என்ன பரிகாரம்செய்யவேண்டுமென்பதை நாம் ஆலோசிக்கவேண்டும். அதற்கு ஒரு பரிகாரம் செய்துவிட்டால் இந்தத தொகை அவசியப்படாது. தடவுகாரர்கள் கூடிக்கொண்டுவருவதும் அவர்களுக்கு batta என்று கூடுதல் பணம் செலவிடுவதும் நியாயமில்லை. முதலில் தடவுகாரர்களே இல்லாமல் செய்து இந்தத் தொகையை நல்ல முறையில் மக்களுக்கு உபயோகப்படும்படி செய்தால் சரியாக இருக்கும். ஸர், கம்யூனிஸ்டு என்று ஒரு வகுப்பு இருப்பதாகவும், அவர்களை அடக்கும் பொருட்டும் காவலில் வைக்கும் பொருட்டும் பெரும் செலவு ஆவதாகவும் அவர்களுக்கு batta கொடுப்பதிலும் பெரும் செலவுசெய்து வருவதாகவும் முதல் மந்திரி சொன்னார். இதற்கா செலவும் கூடுகிறது. இந்த இனத்தில் ஏற்படும் செலவை குறைக்கவேண்டுமானல் முதலில் கம்யூனிஸ்டு கட்சி என் வளர்கிறது; அதற்குக் காரணம் என்ன என்பதையும் அக்கட்சி மேலும் வளராமலிருக்க அதற்குத் தக்கபடி நாட்டில் ஒரு சூழ்நிலையை உண்டாக்கவேண்டும். ஆகையால் இப்போது செலவு செய்கிற தொகையை நல்லவிஷயத்தில் செலவு செய்து உற்பத்தியைப் பெருக்கவேண்டும். உண்ண உண்வும் உடுக்க உடையும் இல்லாத காரணங்களால் தான் கம்யூனிஸ்டு கட்சி வளர்கிறது. எவ்வளவோ தரிசி நிலங்கள் இருக்கின்றன. உழைக்க சக்தியுள்ளவர்களுக்கு கொஞ்சம் கொஞ்சமாய் நிலம் கொடுத்து, கொஞ்ச பண உதவிசெய்தால் உணவு உற்பத்தியும் பெருகும் தடவுகாரர்களுடைய எண்ணிக்கையும் குறையும். இந்த முறையை கவர்மென்று கையாண்டு தடவுகாரர்கள் ஜெயிலுக்கு வராம்லிருக்க செய்யவேண்டுமென்றும் இப்படி ஜெயிலுக்குள்ளிருப்பவர்களுக்குச்சோறு கொடுக்கவேண்டுமென்ற காரணத்திற்கு இத்தொகை இருக்கக்கூடாது என்று சொல்லிக்கொண்டு இதை எதிர்க்கிறேன்.

ശ്രീ. ഇട്ടീര അന്ത്രുക്കൻ: സർ, ഞാനും ഈ സപ്ലിമെൻററി ഗ്രാൻറിനെ എതുക്കുന്നു. ഇതുസംബന്ധിച്ച് ഒന്ന രണ്ട് കാര്യങ്ങം മാത്രമെ പറയുവാൻ ഉദ്ദേശിക്കുന്നുള്ള. ഇന്ന വളരെ അധികം ആളുകളെ അനാവശ്യമായി കമ്മ്യൂണിസ്റ്റുകാരെന്ന സംശയിച്ച് പിടിച്ച് ജയിലിൽ നിറക്കുന്നതുകൊണ്ടാണ് പണം ക്ലേശമായി ചെലവാകുവാൻ ഇടയായിട്ടുള്ളതു്. ഇന്ന രാജ്യത്തു നടക്കുന്ന പല സംഭവങ്ങളും വൃഥാ കമ്മ്യൂണിസ്റ്റു വിപത്താണെന്നു തെറ്റിധരിച്ച് ആ സ്ഥലത്തുള്ള ആളുകളെ ശവമ്മെന്നു് പിടിച്ച് ജയിലിൽ അടയ്ക്കുന്നു. എവിടെയെങ്കിലും ഒരു പുരയോ വൈയ്ക്കോൽപന്തലോ കത്തിയാൽ അതു കമ്മ്യൂണിസ്റ്റുകാരുടെ പ്രവത്തിയാണെന്ന വ്യവ്യാനിക്കും. വാസ്തവത്തിൽ ചിലപ്പോൾ ഒരു ബീഡിക്കുറ്റിയോ മറ്റോ അറിയാതെ ആരെങ്കിലും ഇട്ടതുകൊണ്ടു് സംഭവിച്ചതായിരിക്കാം. അതു് ഇങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ശരിയായി അന്വേഷിക്കുവാൻ ഒരു ശരിയായ സി. ഐ. ഡി. വകുപ്പ് ഇവിടെ ഇല്ലാത്തതുകൊണ്ടാണ് ഇത്രയധികം ആളുകളെ ജയിലിൽ അടയ്ക്കേണ്ടിവരുന്നതു്. മറ്റൊരുകാര്യം എനിക്കു് പറയുവാനുള്ളതു് ഇന്ന് കോൺഗ്രസ് പാർട്ടിയിലെ പല അംഗങ്ങളും കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തെ വഴക്കുകൾക്കു് പകവീട്ടുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നായി നിരപരാധികളായ ആളുകളെ കമ്മ്യൂണിസ്റ്റുകാരാണെന്നു പറഞ്ഞു കേസുകളിൽ കുടുക്കി ജയിലിൽ അടച്ചിടുവരുന്നുണ്ടു്. അതേപ്പറ്റി വളരെ ഗൗരവമായി ഗവണ്മെന്റു് വീക്ഷിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ചില ചെറിയ നേതാക്കന്മാർ വിപ്ലവകാരികൾ എന്നു് നടിച്ചു് ജാഥകളും മറ്റും നടത്തി ജയിലിൽ പോവുക എന്നുള്ളതു് ഇന്നു് ഒരു ഫാഷനായി സ്വീകരിച്ചിരിക്കയാണു്. അങ്ങിനെയുള്ളവരെ ഉപദ്രവിക്കാതെ വെറുതെ വിടുകയാണു് നല്ലതു്. ഈ ജാഥകൾ പട്ടണം ചുറ്റി നടക്കാനനുവദിച്ചാൽ അതുകൊണ്ടു് യാതൊരു കുഴപ്പവും ഉണ്ടാകുവാൻപോകുന്നില്ല.

Sri. A. Thanu Pillai: Sir, I also oppose this demand for this reason. The amount originally sanctioned under this head, namely, Criminal Courts Batta to prisoners, was Rs. 1,30,000. The additional demand now made is for a grant of Rs. 1,62,000. That is far more than the original grant. It is about 130 per cent increase over the original grant. On the whole, it means 240 per cent of the amount originally budgetted. That shows a state of things which requires explanation. I asked the Hon'ble Minister whether any increase in batta has been ordered. He said, "no, anyway not during the current year". Practically, no increase in batta was ordered after the amount of Rs. 1,30,000 was fixed and yet he wants an additional amount of Rs. 1,62,000. What is that due to? The High Court communication does not reveal the basis of this demand for the additional amount. Sir, we are interested in knowing whether there is increase in normal crimes or this is due to persons being arrested and kept in lock-ups for what may be termed "political activities". I refer to this in view of the fact that now the economic condition in this country is deteriorating. On account of that, is there an increase in ordinary crimes like theft, housebreaking and so on or is this largely accountable to the fact that persons engaged in political activities are being kept in prison? It would be revealing if information on this point is forthcoming. The demand merely says that a sum of Rs. 1,62,000 is required. This is not what is expected of the Government when they come forward with a demand exceeding by leaps and bounds the original amount.

ശ്രീ എ. ജെ. ജോൺ: സർ, ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ടു് സംസാരിച്ച പല ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ ഉന്നയിച്ചതു് ക്രിമിനൽകോടതികളിൽ കേസു് വിസ്തരിക്കുന്നതിനു് വളരെ കാലതാമസം നേരിടുന്നുണ്ടെന്നുള്ള സംഗതിയാണു്. ക്രിമിനൽ കോടതികളിലെ കേസ്സുവിസ്താരം ഹൈക്കോടതിയുടെ കീഴിൽ ആയതുകൊണ്ടു് ഗവണ്മെന്റിനു് അതിൽ നേരിട്ടു് പ്രവർത്തിക്കുവാൻ സാധ്യമല്ല. എന്നാൽ ക്രിമിനൽകോടതികളിലെ കാലതാമസം കഴിയുന്നിടത്തോളം കുറക്കണമെന്നു വിവരിച്ചു് ഹൈക്കോടതിക്കു് എഴുതി അയച്ചിട്ടുണ്ടു്. അതുസംബന്ധിച്ചു് ഏതെല്ലാം നടപടികൾ സ്വീകരിക്കണമോ അതെല്ലാം സ്വീകരിക്കുവാൻ ഗവണ്മെന്റു് തയ്യാറാണു്.

രണ്ടാമതായി ഇവിടെ പറഞ്ഞതു് തടവുകാർക്കു് ശരിയായി ഭക്ഷണം കിട്ടുന്നില്ലെന്നും അതിനുള്ള കാരണം കൺട്രാക്ടറന്മാരുടെ ബില്ലുകൾ ശരിയായ സമയത്തു് പാസാക്കി കൊടുക്കാത്തതാണെന്നും ആണു്. തടവുകാരുടെ ആഹാരം വകയിൽ കൺട്രാക്ടറന്മാർ സമർപ്പിക്കുന്ന ബില്ലുകൾ പാസാക്കുന്നതിൽ ചിലപ്പോൾ അല്പം കാലതാമസം നേരിടുന്നുണ്ടെന്നു ഞാനും സമ്മതിക്കുന്നു. അതായതു് കാലത്തു് അനുവദിക്കുന്ന തുകകൾ പോരാതെവരികയും വീണ്ടും തുകയാവശ്യപ്പെട്ട ഗവണ്മെന്റിനേറെയും ഈ സഭയുടേയും അനുമതി വാങ്ങുന്നതിൽ നേരിടുന്ന കാലതാമസംകൊണ്ടാണു് ഇങ്ങനെ വരുന്നതു്. കൺട്രാക്ടറന്മാരുടെ ബില്ലുകൾ ഉടനുടൻ പാസാക്കി കൊടുക്കുന്നതിനു ആവശ്യമായ എല്ലാ നടപടികളും ഗവണ്മെന്റു് സ്വീകരിക്കുന്നതാണു്. പിന്നിട്ടു് പ്രധാനമായി പറഞ്ഞ മറെറാരു സംഗതി, ഇവിടെ തടവുകാർ വളരെ കൂടുതലായിവരുന്നതിന്റെ കാരണമെന്താണെന്നന്വേഷിച്ചു് അതിലേക്കു വേണ്ട നടപടി സ്വീകരിക്കണമെന്നാണു്. അതു് ഗവണ്മെന്റിനും ബോദ്ധ്യമുള്ള ഒരു സംഗതിയാണു്. അതിനുവേണ്ട എല്ലാ നടപടികളും ഗവണ്മെന്റു് സ്വീകരിച്ചുകൊണ്ടിരിക്കയാണു്. പിന്നീട് ഇതുപോലും കൂടുതൽ തടവുകാർ ഉണ്ടായിരിക്കുന്നതു് എന്തുകൊണ്ടാണെന്നും അതിന്റെ കാരണം എന്താണെന്നു അന്വേഷിക്കണമെന്നും പ്രസ്താവിക്കയുണ്ടായി. തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഇപ്പോഴത്തെ സ്ഥിതിഗതികൾ എന്താണെന്നു് എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാർക്കും അറിവുള്ളതാണു്. രാജ്യരക്ഷക്കാവശ്യമായ നടപടികൾ മാത്രമാണു് ഗവണ്മെന്റു് എടുത്തുകൊണ്ടിരിക്കുന്നതു്. രാജ്യരക്ഷക്കു് വിപരീതമായി പ്രവർത്തിക്കുന്നവരെ നിയമപ്രകാരം അറസ്റ്റുചെയ്യാതെ നിവർത്തിയില്ല. അതനുസരിച്ചു് അറസ്റ്റുചെയ്തു് ലാക്കപ്പിൽ താമസിപ്പിച്ചിരിക്കുന്നവരുടെ ചിലവിനുവേണ്ടിയാണു് ഈ ധനാ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

ധനാഭ്യർത്ഥന ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു്. ഈ സംഗതികൾ പരിഗണിച്ചു് ബഹുമാനപ്പെട്ട അംഗങ്ങൾ ഈ ധനാഭ്യർത്ഥന അനുവദിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

Mr. Speaker: The question is "that a sum of Rs. 1,62,000 be granted under 14—Administration of Justice 'C' Criminal Courts—Batta to prisoners" (Part I Travancore).

The demand was passed and the grant was made

14—Administration of Justice 'D'—Law Officers

Sri. A. J. John: I move for a grant of Rs. 8,085 under Head—Administration of Justice 'D'—Law Officers in the Budget for 1125. The reason for this demand is given in the statement. It is for meeting additional expenditure consequent on the appointment of Temporary Government Pleaders at Angikaimal, Trichur and Quilon. A Special Officer and staff has also been appointed for drafting subsidiary legislation.

അങ്കമാലിക്കൊമേർഷ്യൽ കോടതിയിൽ മി. സദാശിവൻ എന്നൊരാളെ ടെമ്പററി ഗവൺമെന്റ് പ്ലീഡറായി നിയമിക്കേണ്ടിവന്നു. അതിന്റെ കാരണം ആ കോടതിയിൽ ഗവൺമെന്റ് കക്ഷിയായിട്ടുള്ള ധാരാളം കേസുകൾ കടിശികയായി കിടക്കുന്നതുകൊണ്ടാണു്. അദ്ദേഹത്തെ നിയമിച്ചതു് ന. ഫ—ാ ഫ—ാ ഫ൯ ര ൯—ലാണു്. പിന്നീടു് തൃശ്ശൂരിൽ ഒരു ടെമ്പററി ഗവൺമെന്റ് പ്ലീഡറെ നിയമിക്കയുണ്ടായി. അതിന്റെ കാരണം ഇൻസ്പെക്ടർ ശങ്കുണ്ണി മർഡർകേസ് വിസ്തരിക്കുന്നതിനാണു്. അതു് സെഷൻസ് കേസു് ഫ ഠ ന—ൽ ഫനര് ആണു്. അതിൽ ര൯ പ്രതികളും വാദിഭാഗത്തേക്കു് വ ഫ സാക്ഷികളുമുണ്ടു്. ഈ കേസു് വിസ്തരിക്കുന്നതിനായി മി. എസ്സ്. ഗോവിന്ദപ്പിള്ളയെയാണു് നിയമിച്ചിരിക്കുന്നതു്. പിന്നീടു് മി. എസ്സ്. വൈദ്യനാഥയ്യരെ കൊല്ലത്തു ടെമ്പററി ഗവൺമെന്റ് പ്ലീഡറായി നിയമിച്ചു. അതു കൊല്ലം ചവറ റയട്ടുകേസ് വിസ്തരിക്കുന്നതിനും കള്ളനാണയക്കേസു് വിസ്തരിക്കുന്നതിനുമായിട്ടാണു്. സ്പെഷ്യലാഫീസറെ നിയമിച്ചിരിക്കുന്നതു് തിരുവിതാംകൂറിൽ അതാതു കൊല്ലങ്ങളിൽ പരസ്യം ചെയ്തിട്ടുള്ള കേസുകളെ എല്ലാംകൂടി ക്രോഡീകരിച്ചു് പ്രസിദ്ധം ചെയ്യുന്നതിനാണു്. അതിനു് ഒരു ഉദ്യോഗസ്ഥനേയും ഒരു ക്ലാർക്കിനേയും ഒരു പ്യൂണിനേയും നിയമിച്ചിട്ടുണ്ടു്. അതു ഒരുകൊല്ലത്തേക്കാണു്. ഈ നിയമനം നടന്നതു് ഫ൯ ൪ ൦ ജനുവരി ഫ—ാംനു-യാണു്. ഇതെല്ലാം കൂടിച്ചേർത്തു് വ, ൦ വ൪ രൂപക്കു മുള്ള ഒരു കൂടുതൽ ധനാഭ്യർത്ഥനയാണു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

Sri. N. Kunjuraman: I second it.

Sri. A. Thanu Pillai: May I know the amount spent under each of these items?

ശ്രീ. എ. ജെ. ജോൺ: അങ്കമാലിക്കൊമേർഷ്യൽ കോടതിയിലേക്കുള്ളതു ൨,൨൫൦ രൂപയാണു്. തൃശ്ശൂർ നിയമിച്ചിരിക്കുന്നതുസംബന്ധിച്ചുള്ള കൂടുതൽ ചിലവു് ൧,൯൯൫ രൂപയാണു്. കൊല്ലത്തെ നിയമനംസംബന്ധിച്ചുള്ള കൂടുതൽ ചിലവു് ൧,൪൫൫ രൂപയാണു്. ലാഫാർജസു് ഉദ്ദേശം ൯,൦൦൦ രൂപയുമാണു്.

ശ്രീ. എ. താണുപിള്ള: തൃശ്ശൂരും കൊല്ലത്തും നടക്കുന്ന കേസുകളുടെ വിചാരണ പൂർത്തിയായോ?

ശ്രീ. എ. ജെ. ജോൺ: കേസുകൾ ഇപ്പോൾ വിസ്തരിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. എ. താണുപിള്ള: പൂർത്തിയാകുവാൻ എത്ര കാലം വേണ്ടിവരും?

ശ്രീ. എ. ജെ. ജോൺ: എത്രയുംവേഗം തീർക്കണമെന്നു പറഞ്ഞാണു് നിയമിച്ചതു്. എന്നാൽ കേസുകൾ തീരാത്തതുകൊണ്ടു് തീരുന്നതുവരെ കോടതി തുടരുന്നതാണു്.

ശ്രീ. എ. താണുപിള്ള: ഈ കേസുകൾ തീരുമാനിക്കാൻ പ്രത്യേക കോടതിയാണോ?

ശ്രീ. എ. ജെ. ജോൺ: കൊല്ലത്തെ കേസു വിസ്തരിക്കുവാൻ പ്രത്യേക കോടതിയുണ്ടു്. തൃശ്ശൂരിൽ പ്രത്യേക കോടതിയില്ല.

ശ്രീ. പി. ടി. ചാക്കോ: കേസുകൾ ക്രോഡീകരിച്ചു് പരസ്യപ്പെടുത്തുക എന്നു പറഞ്ഞതിൽ അതു ഗവൺമെന്റു് പുറപ്പെടുവിച്ച കേസുകളാണോ?

LIBRARY ARCHIVES Kerala Legislative Assembly